(ഹാസ്യ കവിത)

# പൂജ്യനാം വാമനാ.. നിൻ തൃപ്പാദം തൊഴുന്നേൻ..

## എ.സി. ജോർജ്

*(നീതി ധർമ്മിഷ്ടനും പ്രജാക്ഷേമ തൽപ്പരനുമായ മാവേലി തമ്പുരാനെ പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തിയ വാമനന്റെ യുക്തി മനസ്സിലാകുന്നില്ല. പക്ഷെ..... മഹാനായ വാമനാ..... അങ്ങയുടെ തൃപ്പാദങ്ങൾ ഇപ്പോൾ ഉയിരണം.... ഉയിരട്ടെ.... ഇന്ന് ജനാധിപത്യത്തിന്റെ പേരിൽ ജനങ്ങളെ കബളിപ്പിച്ചു കൊള്ളയടിക്കുന്ന ഭരണ-പ്രതിപക്ഷങ്ങൾക്കെതിരെ. ഈ ദുഷ്ടപരിഷകളേയും അവരുടെ സന്തത കിങ്കര ഗുണ്ടാപരിഷകളേയും പാതാളത്തിന്റെ അഗാധതയിലേക്ക് ശക്തിയായി ചവിട്ടിത്താഴ്ത്താൻ സമയമായിരിക്കുന്നു. നാഥാ.... വാമനാ.... അങ്ങയുടെ പൂജ്യപാദങ്ങൾ ഉയിരണം, ഉയർത്തണം... ഐതിഹ്യ മായാലും.... എന്തായാലും. താഴത്തെ വരികളിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.)*

സംപൂജ്യനാം വാമനാ നിൻപാദാരവിന്ദങ്ങൾ നമിക്കുന്നു ഞങ്ങൾ
നിൻ പൂജിതമാം പാദം വീണ്ടുമുയരണം.. ഉയർത്തണം ഞങ്ങൾക്ക്
വാമോനേ കൊച്ചുവാമനാ നീ കണ്ടില്ലെ... കേട്ടില്ലെ...
നാടൊട്ടുക്കു നടമാടുമീ രാഷ്ട്രഭരണചക്രം തിരിക്കും വൃന്ദത്തിൻ
അഴിമതി, അക്രമം, ചതി, വഞ്ചന, കൊള്ള, തീവെട്ടികൊള്ള
കുതികാൽവെട്ട്, കാലുമാറ്റം, മൊഴിമാറ്റം, സത്യത്തെ മറയ്ക്കും
കിടന്നുരുളൽ, നിയമത്തെ വളച്ചൊടിയ്ക്കൽ, ദുർവ്യാഖ്യാനം
ഗുണ്ടാവിളയാട്ടം, പലവിധ കള്ളവാണിഭം, പെൺപീഡനം
സിനിമാ സൂപ്പർ-ഡ്യൂപ്പർ താരങ്ങൾക്ക് പുണ്യപരിവേഷം
ആൾദൈവങ്ങൾക്ക് വെള്ളപൂശൽ, പരിപാവന പരിവേഷം
ദൈവങ്ങളുടെ പേരിൽ കൊള്ള, കൊല, ദുരാചാരം, ആൾമാറാട്ടം
എത്ര കട്ടാലും കൊന്നാലും നിൽക്കാൻ പഠിച്ചവർക്കു സ്വർഗ്ഗം
നിസ്സാര കുറ്റങ്ങൾക്കു നിൽക്കാൻ പഠിയ്ക്കാത്ത നിഷ്കളങ്കർക്ക്
ശിക്ഷ, കൊടിയ ശിക്ഷ, മാനഹാനി, ധനനഷ്ടമങ്ങിനെ...
കള്ളപണം, കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, കള്ളക്കടത്ത്....
നികുതിവെട്ടിപ്പ്, തട്ടിപ്പ്, ഭരണസ്തംഭനം, മുദ്രാവാക്യം
അഴിമതികൾ, കൊടിയ കുറ്റങ്ങൾ കൈയ്യോടെ പിടിച്ചാലും
നിഷേധിക്കുന്ന രാഷ്ട്രീയ ഭരണാധികാരികൾ, ആഭാസർ
സത്യസന്ധം, നീതിനിഷ്ഠം ഞെളിയുന്ന ഭരണ-പ്രതിപക്ഷങ്ങൾ...
ഒരേ കോയിനിലെ രണ്ടു വശങ്ങളാം പക്ഷങ്ങളാണെ...
പൊതുജനങ്ങളെ മരമണ്ടന്മാരും കഴുതകളുമാക്കും നാടകം...
അരങ്ങിൽ കൊഴുപ്പിക്കും ഭരണ-പ്രതിപക്ഷങ്ങൾ....
ജനത്തിനെന്നും തോൽവിതന്നെ ഓണമായാലും കോരനു പഴങ്കഞ്ഞി
ഇന്നു നീ ഭരണപക്ഷം.. നാളെ നീ പ്രതിപക്ഷം ജനപക്ഷത്താരുമില്ല
ബന്തും ഹർത്താലും നടത്തി പൊറാട്ടുനാടകം നടത്തും പ്രതിപക്ഷം
ഒത്തുകളിക്കും, കൂടെ കബടി കളിക്കും ചിരിക്കും ഭരണപക്ഷം
മതങ്ങൾ തമ്മിലടി സീറ്റുകൾ പങ്കുവെക്കും താക്കോലിനായി കടിപിടി
രാഷ്ട്രീയപക്ഷ കോമരങ്ങൾ നീതിന്യായത്തെ മറികടക്കും വെല്ലുവിളിക്കും
ഖജനാവിലെ തുക ധൂർത്തടിക്കും പക്ഷഭേദമെന്യെ
തങ്ങൾക്കനുകൂലം നിയമവ്യാഖ്യാനം നടത്തും
മീഡിയായെ പല തന്ത്രങ്ങളാൽ ഒതുക്കി കൈയ്യിലെടുക്കും

ഓശാന പാടിക്കും തങ്ങൾക്കനുകൂലം വിധി മാറ്റും
ഓർഡിനൻസിറക്കും, അട്ടിമറിക്കും, ഭരണം കുത്തകയാക്കും
കേസുകൾ അട്ടിമറിക്കും നീട്ടിവെക്കും പൂഴ്ത്തി അപ്രത്യക്ഷമാക്കും
ഫയൽ അപ്രത്യക്ഷമാക്കും സിസി ടിവി ദൃശ്യങ്ങൾ മായ്ക്കും
ശിക്ഷകിട്ടുന്നതപൂർവ്വം കിട്ടിയാലൊ പഞ്ചനക്ഷത്ര ജയിൽ
അടിക്കടി പരോൾ ഇഷ്ടഭോജ്യം, രാജോചിത വരവേൽപ്പ്
പ്രവാസിയെ വാഗ്ദാനങ്ങളാൽ മോഹിപ്പിക്കും ത്രസിപ്പിക്കും,
പ്രവാസിയെ പിന്നെ വട്ടംകറക്കും, പിഴിയും കയ്യേറും
മണ്ടരാം പ്രവാസികർ ഈ വഞ്ചകർക്കു കൊടുക്കും സ്വീകരണം
രാജോചിതമാം തോളിലേറ്റർ താലപ്പൊലി, ചെണ്ടമേളം,
എയർപോർട്ടിലെത്തി കൈ കുലുക്കി ഫോട്ടോയ്ക്ക് പോസ് ചെയ്യും
കഴിവറ്റ ... മൈക്കു മുത്തരാം... മരമണ്ടനാം മരപാവയാം പുംഗവർ
ഏഴയാം പൊതുജന രക്തവും വിയർപ്പും നക്കികുടിച്ച് ദാഹം തീർക്കും
ഭരണ-പ്രതിപക്ഷ രാഷ്ട്രീയ കോമരങ്ങളെ കാണുന്നില്ലെ എൻ വാമനാ
പൊന്നോമനെ..... വാമനക്കുട്ടാ..... പൊക്കണം നിൻപൂജ്യപാദം
വീണ്ടും പൊക്കിയ തൃപ്പാദം വളരണം നീളണം വാമനാ കൊച്ചുവാമനാ....
നിന്നെ തൊഴുകൈയ്യോടെ നമിക്കുന്നു ഞങ്ങൾ തൻ വാമനാ.....
നീയീ വഞ്ചക കൊള്ള ഭരണകർത്താക്കളാം...
ആഭാസകരെ ചവിട്ടിതാഴ്ത്തു ഊന്നിചവിട്ടി....
താഴ്ത്തു പാതാളത്തിനടിത്തട്ടിലേക്ക് എൻ വാമനാവതാരമെ
നല്ലവനാം ഏഴൈതോഴനാം മാവേലിമന്നനെ....
അന്നു നീ ചവിട്ടിതാഴ്ത്തിയില്ലെ പാതാളത്തിലേക്ക്
ഇന്നു നീ പ്രജാക്ഷേമ തൽപ്പരനാം മാവേലിമന്നനെ....
നിൻ തൃപ്പാദത്തിൽ ചവിട്ടി ഭൂതലത്തിൽ പൊക്കി ഉയിർത്തു....
ഉയിരട്ടങ്ങനെ ഉയിരട്ടെ വളരട്ടെ മാവേലിനാട് മാവേലിമന്നന്റെ നാട്....
പകരം പരമദുഷ്ടരാം വഞ്ചകരാം ജനാധിപത്യ
കശാപ്പുകാരാം ഭരണ-പ്രതിപക്ഷ ഏഭ്യന്മാരെ
അലസരാം അഴിമതിക്കാരാം ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കളെ....
നിൻ തൃപ്പാദമുയർത്തി ചവിട്ടിതാഴ്ത്തു പാതാളത്തിലേക്ക്
സത്യം, നീതി, ധർമ്മം, ശാന്തി കളിയാടാൻ നീ ചവിട്ടും തൃപ്പാദം
ഞാനിന്നു പൂജിയ്ക്കാം ഈ മനുഷ്യപിശാചുക്കളാം വഞ്ചകരെ
കയത്തിൽ പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്താൻ
കുള്ളനാം വാമന ശ്രേഷ്ഠനെ.... നിന്നെ നമ്പട്ടെ ഞങ്ങൾ....